# ബഹ്റിൻ കേരളീയ സമാജം

## The Bahrain Keraleeya Samajam

## സിനിമാറ്റിക് സംഘനൃത്ത മത്സരം

**നിബന്ധനകൾ :**

1. താളക്രമം, ചുവടുകൾ, നൃത്ത സംവിധാനത്തിലെ നൃൂതനത്വവും പൂർണ്ണതയും, വേഷവിധാനത്തിലെ അനുയോജ്യതയും മാന്യതയും അവതരണ മികവ് എന്നിവ മാനദണ്ഡമാക്കിയായിരിക്കും വിധി നിർണ്ണയിക്കപ്പെടുന്നത്. വിധികർത്താകൾക്ക് മേൽപറഞ്ഞ മാനദണ്ഡങ്ങൾ ഒഴിവാക്കാനോ പരിഷ്കരിക്കാനോ അവകാശമുണ്ടായിരിക്കും.
2. ഇന്ത്യൻ ഭാഷകളിൽ നിർമ്മിക്കപ്പെട്ട ഇന്ത്യൻ ഭാഷയിലെ വരികൾ അടങ്ങിയ ഗാനത്തിന്റെ അവതരണമാണ് മത്സരാർത്ഥികൾ ചെയ്യേണ്ടത്.
3. ടീം അംഗങ്ങളുടെ കുറഞ്ഞ പ്രായപരിധി 15 വയസ്സ് ആയിരിക്കും. എന്നാൽ ഒരു ടീമിൽ 18 വയസ്സിനും 15 വയസ്സിനും ഇടയ്ക്ക് പ്രായമുള്ളവർ മൂന്നിൽ കൂടുതൽ ആകാൻ പാടുള്ളതല്ല.
4. പ്രായം / വയസ്സ് നിർണ്ണയിക്കുന്നതിനുള്ള അടിസ്ഥാന തീയതി 31 ഡിസംബർ 2016 ആയിരിക്കും.
5. ഒരു ടീമിൽ കുറഞ്ഞത് 6 പേരും ഏറ്റവും കൂടിയത് 10 പേരും ഉണ്ടാകുന്നതാണ്.
6. അനുയോജ്യമായ പ്രോപ്സ് അനുവദിനീയമാണ്. പ്രോപ്സിന്റെ വൈവിധ്യവും എണ്ണവും വിധി നിർണ്ണയത്തിൽ അധികയോഗ്യതയായി പരിഗണിക്കപ്പടുന്നതല്ല.
7. വേഷവിധാനങ്ങളിലും ചുവടുകളിലും മാന്യതയും പ്രതിപക്ഷ ബഹുമാനവും പുലർത്തേണ്ടതാണ്.
8. വിധി കർത്താക്കളുടെ ഫല പ്രഖ്യാപനം മത്സരാർത്ഥികൾ അംഗീകരിക്കേണ്ടതും യാതൊരു കാരണവശാലും വിധി പുന പരിശോധിക്കുന്നതല്ല.
9. പാട്ടിന്റെ / അവതരണത്തിന്റെ പരമാവധി ദൈർഘ്യം 7 മിനിറ്റ് ആയിരിക്കണം. ചുവടുകളും അവതരണവും ക്ലാസിക്കൽ / സെമി ക്ലാസിക്കൽ രീതിയിലായതു കൊണ്ട് യാതൊരു പ്രത്യേക പരിഗണനയും ലഭിക്കുന്നതല്ല.
10. വിധികർത്താക്കളുടെ തീരുമാനം അന്തിമവും യാതൊരു കാരണവശാലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമായിരിക്കും.
11. ബാക് സ്റ്റേജിൽ ഒരു ടീമിന്റെ സഹായികളായി മൂന്നു പേരിൽ കൂടുതൽ അനുവദിക്കുന്നതല്ല.
12. അവതരണത്തിനു ആവശ്യമായ എല്ലാ സാധന സാമഗ്രികളും വേഷഭൂഷാദികളും പങ്കെടുക്കുന്ന ടീം തന്നെ കൊണ്ടു വരേണ്ടതാണ്.
13. അവതരണത്തിന് ഉപയോഗിക്കുന്ന ഗാനം അടങ്ങിയ സി.ഡി. (എം.പി. 3 അല്ലെങ്കിൽ വേറ് ഫോർമാറ്റ്) ലഭിക്കുന്ന ചെസ്റ്റ് നമ്പർ എഴുതി പരിപാടിക്കു 30 മിനിറ്റ് മുമ്പേ തന്നെ സംഘാടകരെ ഏല്പിക്കേണ്ടതാണ്.
14. സി.ഡിയുടെ ഓഡിയോ നിലവാരം ഉറപ്പു വരുത്തേണ്ടത് മത്സരാർത്ഥിയുടെ മാത്രം കടമയാണ്.
15. സി.ഡിയിൽ അവതരണത്തിന് ഉപയോഗിക്കുന്ന ഗാനം മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂ.
16. ടീം അംഗങ്ങൾ നിശ്ചിത സമയത്തു തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
17. ചെസ്റ്റ് നമ്പർ ലഭിച്ചശേഷം ടീം അംഗങ്ങൾ ബാക് സ്റ്റേജിൽ ഉണ്ടായിരിക്കേണ്ടതും അറിയിപ്പ് ലഭിച്ചാൽ ഉടൻ തന്നെ അവതരണത്തിന് തയ്യാറാകേണ്ടതുമാണ്.
18. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടി വിജയിക്കുന്ന ടീമുകൾക്ക് ട്രോഫി / സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് പുറമേ USD 200 / 150 / 75 എന്ന നിരക്കിൽ ക്യാഷ് അവാർഡും സമ്മാനിക്കുന്നതാണ്.

***കൂടുതൽ വിവരങ്ങൾക്ക് ഹരികൃഷ്ണൻ 34501413 / സുമിത്രാ പ്രവീൺ 33442528 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.***

**രജിസ്ട്രേഷൻ ഫോറം**

| ടീമിന്റെ പേര് വിവരം | |
|---|---|
| പങ്കെടുക്കുന്ന<br>ടീമിന്റെ പേര് | |
| ടീം ക്യാപ്റ്റൻ | |
| മൊബൈൽ | ഇ-മെയിൽ |
| പങ്കെടുക്കുന്ന<br>ആളുകളുടെ എണ്ണം | |
| | |
| | |
| | |
| | |
| | |
| ഒപ്പ് | |
| തീയതി | |

| ഓഫീസ് ആവശ്യത്തിന് മാത്രം | | |
|---|---|---|
| Entry checked by | Accepted by | Remarks |
| | | |